## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *96 — 12.06.2014-ൽ മറുപടിയ്ക്ക്

### കരാർതുക കുടിശ്ശികമൂലമുള്ള നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം<br>,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, ബാബു എം.പാലിശ്ശേരി<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൻ കീഴിലെ നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) കുടിശ്ശിക നൽകാത്തതിനാൽ കരാറുകാർ സർക്കാർ പദ്ധതികളുടെ നിർമ്മാണം ബഹിഷ്കരിക്കുകയുണ്ടായിട്ടുണ്ടോ ; | (എ) & (ബി) :<br>പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടിശ്ശിക നൽകാത്തതിനാൽ സർക്കാർ പ്രവൃത്തികൾ ബഹിഷ്കരിക്കുന്നതിന് കരാറുകാർ നിർബന്ധിതമാകുന്നതായി നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) കരാറുകാർക്ക് വൻതുക കുടിശ്ശിക നൽകാനുണ്ടോ ; വിശദമാക്കാമോ ; 2014 മെയ് 31 വരെയുള്ള കുടിശ്ശികയെത്ര ; | (സി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ 1177.28 കോടി രൂപയും, കെട്ടിട വിഭാഗത്തിൽ 337.90 കോടി രൂപയും , ദേശീയപാതാ വിഭാഗത്തിൽ 14.57 കോടി രൂപയും കുടിശ്ശികയുണ്ട്. നിരത്ത്-കെട്ടിട വിഭാഗങ്ങളിൽ 31.03.2014 വരെയുള്ള ബില്ലുകൾ മാത്രമേ വിവിധ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ സമർപ്പിച്ചിട്ടുള്ളൂ. കെ.എസ്.റ്റി.പി. വിഭാഗത്തിൽ കുടിശ്ശിക നിലവിലില്ല. |
| (ഡി) ഇത്രയും കുടിശ്ശികയുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ ; | (ഡി) പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവൃത്തികളുടെ ബിൽ തുക ധനകാര്യ വകുപ്പിൽ നിന്നും അനുവദിക്കുന്ന 'ലെറ്റർ ഓഫ് ക്രഡിറ്റ് ' വഴിയാണ് നൽകുന്നത്. 2014 മാർച്ച് മാസം വരെയുള്ള ബില്ലുകൾ പൊതുമരാമത്ത് വകുപ്പ് ശുപാർശ ചെയ്ത് തുക അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. സാമ്പത്തിക ലഭ്യത അനുസരിച്ച് ധനകാര്യ വകുപ്പാണ് തുക അനുവദിക്കേണ്ടത്. |
| (ഇ) പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് നിർമ്മാണ പ്രവൃത്തികൾ സ്തംഭിക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ? | (ഇ) കരാറുകാരുടെ കുടിശ്ശിക സമയബന്ധിതമായി അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ധന ലഭ്യത അനുസരിച്ച് തുക വിതരണം ചെയ്യുവാൻ ധനവകുപ്പ് നടപടി എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ